44/DGE/HSE/NSS/2024


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 20/05/2024

**സർക്കുലർ**

**വിഷയം:** "മാലിന്യമുക്ത മഴക്കാലം -Healthy Monsoon", മഴക്കാല പൂർവ്വശുചീകരണ കാമ്പയിൻ -സംബന്ധിച്ച്

**2024 മെയ് 25 ശനി**

2024-25 അദ്ധ്യയന വർഷാരംഭത്തിനു മുന്നോടിയായി എൻ.എസ്.എസ്. വോളന്റിയർമാർ എൻ.എസ്.എസ്. യൂണിറ്റ് പ്രവർത്തിക്കുന്ന സ്കൂളുകളുമായി ബന്ധപ്പെട്ട് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ 2024 മെയ് 25 ന് സംഘടിപ്പിക്കേണ്ടതാണ്.

ജൂൺ ആദ്യവാരം തന്നെ തെക്കുപടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ എല്ലാ വോളന്റിയർമാരും ക്ലാസ്മുറികളും പരിസരവും ശുചിയാക്കുന്ന "മാലിന്യമുക്ത മഴക്കാലം" കാമ്പയിൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കേണ്ടതാണ്.

ടി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന വോളന്റിയർമാർക്ക് പ്രോഗ്രാം ഓഫീസറുടെയും സ്കൂൾ പി.ടി.എ.യുടെയും നേതൃത്വത്തിൽ ജലജന്യരോഗങ്ങളിൽ നിന്നും മറ്റ് ആരോഗ്യപ്രശ്നങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കാനുതകുന്നമുൻകരുതലുകളെടുക്കേണ്ടതാണ്.

പ്രാദേശിക സ്വയംഭരണ സംവിധാനത്തിന്റെ ഭാഗമായ ഹരിതകർമ്മ സേനാംഗങ്ങളുടെ സഹകരണം ഹയർ സെക്കന്ററി എൻ.എസ്.എസ്. "ഗ്രീൻ ഗാർഡിയന്റെ" ഭാഗമായി അതാതു പ്രാദേശിക ഭരണകൂടവുമായി ചർച്ചചെയ്ത് ഉറപ്പാക്കേണ്ടതാണ്.

"മാലിന്യമുക്ത മഴക്കാലം" കാമ്പയിനിന്റെ ഭാഗമായി സ്കൂളിൽ എൻ.എസ്.എസ്. പരിപാലിക്കുന്ന "തനതിടം" തുടർപ്രവർത്തനങ്ങൾക്കായി ഒരുക്കേണ്ടതാണ്.

**തിരിച്ചെടുക്കാം തണ്ണിർകുടങ്ങൾ**

വേനൽക്കാലത്ത് പക്ഷികൾക്ക് തണ്ണീർകുടങ്ങൾ ഒരുക്കിയ പാത്രങ്ങൾ എടുത്തുമാറ്റുന്നതിനു വേണ്ടിയുള്ള പ്രവർത്തനം ഈ കാമ്പയിനന്റെ ഭാഗമായി പ്രത്യേകമായി നടപ്പാക്കേണ്ടതാണ്. കൊതുകുജന്യ രോഗങ്ങൾ പകരാതിരിക്കുവാൻ അതിനുവേണ്ടിയുള്ള പ്രത്യേക ജാഗ്രതാ നിർദ്ദേശം വിദ്യാർത്ഥികൾക്കും പരിസരപ്രദേശങ്ങളിലും നൽകേണ്ടതാണ്.

"മാലിന്യമുക്ത മഴക്കാലം" കാമ്പയിനിന്റെ റിപ്പോർട്ടും ഫോട്ടോകളും അതതു ജില്ലാ കൺവീനർമാർ മെയ് 30 നു മുൻപായി എൻ.എസ്.എസ്. സെല്ലിൽ എത്തിക്കേണ്ടതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ